LIBRARY ARCHIVES Kerala Legislative Assembly

പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് വിനിയോഗം

159 (1202) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ കാലയളവിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ച് എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

സർക്കാർ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

മണ്ണെടുക്കൽ നിയമത്തിന്റെ വ്യവസ്ഥകളും ചട്ടങ്ങളും

160 (1203) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മണ്ണെടുക്കൽ നിയമത്തിന്റെ നിലവിലെ വ്യവസ്ഥകളും ചട്ടങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; ആയത് വിശദമാക്കുന്ന സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മണ്ണെടുക്കൽ നിയമവുമായി ബന്ധപ്പെട്ട് 2014 നവംബർ മാസം സർക്കാർ എന്തെങ്കിലും ഭേദഗതി ഉത്തരവുകൾ പുറപ്പെടുവിച്ചിതന്നോ ; ആയതിൻ പ്രകാരം വില്ലേജ് ഓഫീസർമാർക്ക് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; ഇത്തരത്തിൽ ഇടിക്കപ്പെടുന്ന മണ്ണ് എവിടെ നിക്ഷേപിക്കപ്പെടണമെന്ന നിർദ്ദേശമുണ്ടോ ; ആയത് വ്യക്തമാക്കുന്ന സർക്കാർ ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14 (1) (2) പ്രകാരം സംസ്ഥാനത്ത് മണ്ണെടുക്കുന്നതിന് പാലിക്കേണ്ട നിയമങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വ്യക്തിഗത ഗൃഹനിർമ്മാണത്തിനായി (ഫ്ളാറ്റുകൾ ഒഴികെ) സാധാരണ മണ്ണ് ഉപയോഗിക്കുന്നതിനും കൊണ്ടുപോകുന്നതിനും മൺക്കൂർ പാരിസ്ഥിതികാനുമതി ആവശ്യമില്ലായെന്ന് വ്യവസ്ഥ ചെയ്ത് സ.ഉ. (കൈ) നമ്പർ 12/14/പരി. തീയതി 15-11-14 ഉത്തരവ് പരിസ്ഥിതി വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) പ്രസ്തുത ഉത്തരവിൽ വില്ലേജ് ഓഫീസർമാർക്ക് പ്രത്യേക ചുമതലകൾ നിഷ്കർഷിച്ചിട്ടില്ല. വ്യക്തിഗത ഗൃഹനിർമ്മാണ ആവശ്യാർത്ഥം ഇത്തരത്തിൽ ഇടിക്കപ്പെടുന്ന മണ്ണ് എവിടെ നിക്ഷേപിക്കപ്പെടണമെന്ന കാര്യവും ഉത്തരവിൽ പ്രതിപാദിക്കുന്നില്ല.

ചെറുതുരുത്തി തടയണയുടെ നിർമ്മാണം

161 (1204) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ ചെറുതുരുത്തി തടയണയുടെ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ബി) തടയണ നിർമ്മാണം പുനരാരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) തടയണ നിർമ്മാണത്തിന് ഭരണാനുമതി പുതുക്കി ലഭിക്കുവാൻ തൃശ്ശൂർ ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) എത്രയും വേഗം ഭരണാനുമതി പുതുക്കി നൽകുവാനും തടയണ നിർമ്മാണം പുനരാരംഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ പ്രവൃത്തിയുടെ Probable Amount of Contract-ന്റെ കാലാവധി 19-5-2010-ൽ അവസാനിച്ചിട്ടുള്ളതും കരാറുകാരൻ 27-5-2010-ൽ മരണപ്പെട്ടതും കരാറുകാരന്റെ നോമിനി ഈ പ്രവൃത്തി ഏറ്റെടുക്കുന്നതിന് വിസമ്മതിക്കുകയും ചെയ്ത സാഹചര്യത്തിലാണ് തടയണയുടെ നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ടത്. കൂടാതെ ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിന് ഫണ്ട് അപര്യാപ്തമായ സാഹചര്യം സംജാതമായിരുന്നു. പ്രസ്തുത പ്രശ്നനിവൃത്തിക്കായി അഡീഷണൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാരിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly